സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ക്ലാസ്ഫോർ ക്ഷേത്ര ജീവനക്കാർ/എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 87/12/Est-1** നന്തൻകോട് **25/07/2018**

---

പരാമർശം :- 1) 17-05-2018 ലെ ROC 3374/11/Est-1 നമ്പർ ഉത്തരവ്.
2) ദേവസ്വം കമ്മീഷണറുടെ 01-7-2018 ലെ ROC 10535/18/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ലാസ്ഫോർ ക്ഷേത്ര ജീവനക്കാരുടെ പുനർവിന്യാസം ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ ചുമതലയിലും നിരീക്ഷണത്തിലും നിലവിൽ ഇതിലേക്കായി തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് കൂടി കണക്കിലെടുത്തുകൊണ്ട് ഗ്രൂപ്പ് തലത്തിൽ നടപ്പാക്കുന്നതിനും ടി പുനർവിന്യാസം 2018 ആഗസ്റ്റ് 31 ന് മുമ്പ് പൂർണ്ണമാക്കേണ്ടതാണെന്നും എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലെ പുനർവിന്യാസം 2018 ഒക്ടോബർ 31 നകം പൂർണ്ണമാക്കുന്നതിനും ആയതിലേക്ക് ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനീയർ (ജനറൽ) എന്നിവരെ ചുമതലപ്പെടുത്തിയും പരാമർശം 1 -ൽ ഉത്തരവായി.

ആയത് സംബന്ധിച്ച് 07-07-2018 ൽ ചീഫ് എഞ്ചിനീയർ (ജനറൽ), ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവരുമായി ചർച്ച ചെയ്തിട്ടുള്ളതിന്റെ മിനിറ്റ്സ് ദേവസ്വം കമ്മീഷണറിൽ നിന്നും പരാമർശം 2 -ൽ ലഭിച്ചു.

ആയത് ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു. ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

1. ടി സമയപരിധിക്കകം പുനർവിന്യാസം നടപ്പിലാക്കുന്നതിന് പ്രായോഗികമായി തടസ്സങ്ങൾ ഉള്ളതായും പുനർവിന്യാസം സംബന്ധിച്ച റിപ്പോർട്ടിൽ അധിക തസ്തികകളായി കണ്ടെത്തിയിട്ടുള്ളവ സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമാണെന്നും കമ്മിറ്റി വിലയിരുത്തിയിട്ടുള്ളതിനാലും പുനർവിന്യാസ പ്രക്രിയ അർത്ഥവത്തായ രീതിയിൽ നടപ്പിലാക്കുന്നതിന് കൂടുതൽ പഠനം ആവശ്യമായതിനാലും ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനീയർ (ജനറൽ), ദേവസ്വം അക്കൗണ്ട്സ് ആഫീസർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്ന

(മറുപുറം)

തിനും ടി കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പുനർവിന്യാസ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഒരു സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനും തീരുമാനിച്ചു.

2. പ്രസ്തുത സെല്ലിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ അതതു ഗ്രൂപ്പുകളിൽ നിന്നും നിയോഗിക്കുന്നതിനും പുനർവിന്യാസം സംബന്ധിച്ച് ബഹു: ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അസിസ്റ്റന്റ് ലാ ആഫീസറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു

പുനർവിന്യാസം സംബന്ധിച്ച് മേൽ വിവരിക്കുംപ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി ദേവസ്വം ജില്ലകൾ കേന്ദ്രീകരിച്ച് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ/സബ്ഗ്രൂപ്പ് ആഫീസർ എന്നിവരുടെ യോഗം ചേരുന്നതിനും ഇതിലേക്ക് വിശദമായി ഒരു സർക്കുലർ അയയ്ക്കുന്നതിനും ചുവടെ വിവരിക്കുന്ന തീയതികളിൽ യോഗം ചേരുന്നതിനും തീരുമാനിച്ചിട്ടുള്ള ദേവസ്വം കമ്മീഷണറുടെ നടപടി അംഗീകരിച്ചു.

| | | |
|---|---|---|
| 27-07-2018 | തിരുവനന്തപുരം ജില്ല | - സുമംഗലി കല്ല്യാണ മണ്ഡപം |
| 02-08-2018 | പത്തനംതിട്ട ജില്ല | - ഓമല്ലൂർ ദേവസ്വം ആഡിറ്റോറിയം |
| 06-08-2018 | ഹരിപ്പാട് ജില്ല | - ഹരിപ്പാട് ദേവസ്വം |
| 09-08-2018 | വൈക്കം ജില്ല | - ആലുവ ബാലഭദ്ര ആഡിറ്റോറിയം |

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ - നടപടിക്കായി
2. ചീഫ് എഞ്ചിനീയർ (ജനറൽ) - ടി
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ - ടി
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ -ടി
5. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
6. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
7. ലെയ്സൺ ആഫീസർ, എറണാകുളം
8. അസിസ്റ്റന്റ് ലാ ആഫീസർ ഗ്രേഡ്-2, ലാ ആഫീസ്
9. ഇ.ഡി.പി. സെക്ഷൻ
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK